പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5015 — 04.07.2012 ൽ മറുപടിക്ക്

## പോലീസിന്റെ നേതൃത്വത്തിൽ കൗൺസിലിംഗ് സെന്റർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>,, പാലോട് രവി<br>,, സണ്ണി ജോസഫ്<br>,, പി. സി. വിഷ്ണുനാഥ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) കുടുംബ ബന്ധങ്ങൾ ശിഥിലമാകുന്നത് തടയാൻ പോലീസിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും കൗൺസലിംഗ് സെന്റർ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;<br><br>(ബി) കൗൺസലിംഗ് സെന്ററുകളുടെ പ്രവർത്തന രീതി വിശദമാക്കുമോ; | (എ) യും (ബി) യും സാധാരണ കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും കൈകാര്യം ചെയ്യുന്ന രീതിയിൽ കുടുംബാംഗങ്ങൾക്കിടയിൽ നടക്കുന്ന പ്രശ്നങ്ങളെ കൈകാര്യം ചെയ്താൽ കുടുംബങ്ങളുടെ തകർച്ചയായിരിക്കും ഫലം എന്നതിനാൽ കുറ്റകൃത്യങ്ങൾ തടയുന്നതിനും, അസ്വാരസ്യങ്ങൾ കുറ്റകൃത്യത്തിലേക്ക് നയിക്കപ്പെടാതിരിക്കുവാനും പോലീസിന്റെ ഭാഗത്ത് നിന്ന് നടപടി സ്വീകരിക്കുവാൻ കഴിയും എന്ന കാഴ്ചപ്പാടിൽ നിന്ന് കൊണ്ട് സംസ്ഥാനത്ത് 19 പോലീസ് ജില്ലകളിലായി Family Crime Prevention Counseling Unit -കൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. |
| (സി) എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ്പ് ഡെസ്കുകൾ തുടങ്ങുമോ;<br><br>(ഡി) ആയതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) യും (ഡി) യും 300 പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി മറ്റു പോലീസ് സ്റ്റേഷനുകളിൽ ഇത് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ